# വിവാഹമോചനവും പ്രശ്ന പരിഹാര സമിതിയും

**ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്**


പ്രസാധനം

**സയ്യിദ് ഹസനി കൗൺസിലിംഗ് സെന്റർ**

**ദാറുൽ ഉലൂം ഓച്ചിറ**

Publisher : Sayyid Hasani Counseling Centre
Darul Uloom, Oachira, Kollam, Kerala

Settings : B!lal Hasan!

**Website : www.sayyidhasaniacademy.com**

# ബിസ്മില്ലാഹ്.....

സർവ്വലോക പരിപാലകനായ അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്ന ഉന്നത അനുഗ്രഹമാണ് ജീവിതം. അല്ലാഹു ജീവിതം നൽകുക മാത്രമല്ല, അത് ചിലവഴിക്കാനുള്ള ലളിതവും സമ്പൂർണ്ണവും സുന്ദരവുമായ ഒരു മാർഗ്ഗം കാട്ടിത്തരുകയും ചെയ്തിരിക്കുന്നു. ഇത് പാലിക്കുന്ന പക്ഷം നമ്മുടെ ജീവിതം നമുക്കും മുഴുവൻ ജനങ്ങൾക്കും ഇഹത്തിലും പരത്തിലും അനുഗ്രഹമായിത്തീരുന്നതാണ്. അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, ഞങ്ങളുടെ പാപങ്ങൾക്ക് താങ്കൾ മാപ്പിരക്കേണമേ, തീർച്ചയായും ഞങ്ങൾ തെറ്റുകാരാണ്.(നഹ്ൽ 97)

മനുഷ്യ ജീവിതത്തിലെ പ്രധാനപ്പെട്ട ഭാഗമാണ് വൈവാഹിക ജീവിതം. വൈവാഹിക ജീവിത്തതിന് മൂന്ന് ഭാഗങ്ങളാണുള്ളത്: വിവാഹത്തിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവാഹത്തിൽ ഗൗനിക്കേണ്ട വിഷയങ്ങൾ, വിവാഹാനന്തരം പുലർത്തേണ്ട നിയമ മര്യാദകൾ. ഈ മൂന്ന് കാര്യങ്ങൾ പാലിക്കുന്ന പക്ഷം സാധാരണ ഗതിയിൽ വൈവാഹിക ജീവിതം മംഗളകരമാകുന്നതും ഇഹത്തിൽ ഐശ്വര്യവും പരലോകത്ത് വമ്പിച്ച വിജയവും ലഭിക്കുന്നതാണ്. എന്നാൽ ചിലവേളകളിൽ ഈ കാര്യങ്ങളിൽ വീഴ്ച സംഭവിക്കുകയും അങ്ങനെ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നതാണ്. ഇസ്ലാം ആഗ്രഹിക്കുന്നത് പ്രശ്നങ്ങളൊന്നും ഉണ്ടാകാതിരിക്കാനാണ്. ഇനി ഉണ്ടായിപ്പോയാൽ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിശ്രമിക്കണം. ഈ പരിശ്രമവും ഫലവത്താകാതിരുന്നാൽ മാന്യമായി വിട്ടുപിരിയേണ്ടതാണ്.

ഇതിന് ഏറ്റവും കൂടുതൽ പ്രയോജനം നൽകുന്ന ഒന്നാണ് പ്രശ്ന പരിഹാര സമിതിയുടെ പ്രവർത്തനങ്ങൾ. ഓരോ പ്രദേശത്തും സുമനസ്സുകളായ മഹത്തുക്കൾ ഈ വഴിയിൽ പരിശ്രമിച്ചാൽ വമ്പിച്ച ഫലങ്ങൾ പ്രകടമാകുന്നതാണ്. ബീഹാറിലെ പാറ്റ്ന കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇമാറത്തെ ശറഇയ്യ ഇതിന് ഉത്തമ ഉദാഹരണമാണ്. ഒരു പാഠശാലയിലെ ചെറിയ മുറിയിൽ ആരംഭിച്ച ഈ പ്രവർത്തനം ഇന്ന് മൂന്ന് സംസ്ഥാനങ്ങളുടെ വൈവാഹിക വിഷയങ്ങൾ വളരെ ലളിതമായും മാതൃകാപരമായും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഇതിന്റെ ആവശ്യകത വളരെ കൂടുതലാണ്. ഇത്തരുണത്തിൽ ഇതിനെ പ്രേരിപ്പിക്കാൻ വേണ്ടി ബോർഡിന്റെ ദാറുൽ ഖസാ കൺവീനറായ മൗലാനാ തബ്രേസ് ഖാസിമി രണ്ട് പ്രധാന ലേഖനങ്ങൾ തയ്യാറാക്കിത്തന്നു. അതാണ് ഈ രചനയുടെ ഇതിവൃത്തം. പടച്ചവൻ ഇത് സ്വീകരിക്കട്ടെ. മഹത്തരവും നിലനിൽക്കുന്ന ദാനവുമായ ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഉതവി നൽകട്ടെ!

# വിവാഹ മോചനം

അല്ലാമാ ഖാലിദ് സയ്ഫുല്ലാഹ് റഹ്മാനി
(ജന: സെക്രട്ടറി ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ്)

വിവാഹമെന്നത് ഇസ്ലാമിൽ പരിശുദ്ധവും സുശക്തവും നിരന്തരവുമായ ബന്ധമാണ്. ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ച് കൊണ്ട് വൈവാഹിക ജീവിതത്തിൽ പ്രവേശിച്ച ഓരോ സ്ത്രീയും പുരുഷനും എന്നുമെന്നും ഇണകളായി കഴിയണമെന്ന് ഇസ്ലാം ആഗ്രഹിക്കുന്നു. നിസാരവും ചെറുതുമായ പ്രശ്നങ്ങളുടെ പേരിൽ ഈ അനുഗ്രഹീത ബന്ധത്തിന്റെ അടിക്കല്ലുകൾ ഇളക്കരുതെന്ന് ഉണർത്തുകയും ചെയ്യുന്നു. പരിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു: ഇണകൾ പരസ്പരം സമാധാനവും സ്നേഹ കാരുണ്യങ്ങളുമാണ്. (സൂറ: റൂം 31) സ്ത്രീകൾ പുരുഷൻമാർക്ക് വസ്ത്രവും പുരുഷൻമാർ സ്ത്രീകൾക്ക് വസ്ത്രവുമാണ്. (സൂറ: ബഖറ) അതെ, ഭാര്യ ഭർത്താക്കൻമാർ പരസ്പരം അറിഞ്ഞും അടുത്തും കടമകൾ പാലിച്ചും കഴിഞ്ഞാൽ വലിയ സമാധാനവും സ്നേഹ സഹാനുഭൂതികളും അനുഭവിക്കുന്നതാണ്. കൂടാതെ ഇരുവരും പരസ്പരം അലങ്കാരവും സുരക്ഷിതത്വവും ന്യൂനതകൾക്ക് മറയും ആകുന്നതുമാണ്. ചുരുക്കത്തിൽ ഇസ്ലാമിക വീക്ഷണത്തിൽ വൈവാഹിക ബന്ധം വളരെ ആദരണീയമാണ്. ഒരു ഭാഗത്ത് ഇത് ജീവിതത്തിലെ പരിശുദ്ധി നില നിർത്തുമ്പോൾ മറുഭാഗത്ത് മനുഷ്യ പരമ്പരയുടെ സമുന്നതമായ ഒരു മാർഗ്ഗവുമാണ്. ആകയാൽ വിവാഹ ബന്ധം ബലഹീനമാകാതിരിക്കാനും തകരാതിരക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹ ബന്ധം തകരുന്നത് ധാരാളം നാശ നഷ്ടങ്ങൾക്ക് കാരണമാണ്. ഇതിലൂടെ സമൂഹത്തിലെ രണ്ട് പ്രധാന അംഗങ്ങളുടെ ജീവിതം താറുമാറാകും മക്കൾക്ക് പിതാവിന്റെ പ്രിയവും മാതാവിന്റെ മമതയും നഷ്ടപ്പെടും അടുത്ത തലമുറക്ക് ശരിയായ ശിക്ഷണ ശീലനങ്ങൾ ലഭിക്കുകയില്ല. വ്യക്തികൾക്കും കുടുംബങ്ങൾക്കും ജനങ്ങൾക്കുമിടയിൽ ആത്മാർത്ഥമായ സ്നേഹ സഹകരണങ്ങൾക്ക് പകരം കടുത്ത വെറുപ്പും അകൽച്ചയും ഉണ്ടായിത്തീരും.

ഇക്കാരണങ്ങളാൽ ഇസ്ലാം തുടക്കം മുതൽ തന്നെ വളരെ സൂക്ഷ്മത പുലർത്താനും കാര്യങ്ങൾ ചിന്തിച്ച് ആലോചിച്ച് മാത്രം

നിർവഹിക്കാനും ഉപദേശിക്കുന്നു.പിൽകാലത്ത് പരസ്പരം ഭിന്നതക്കും അകൽച്ചക്കും കാരണമാകുന്ന സകല കാര്യങ്ങളിൽ നിന്നും അകന്ന് മാറാനും ഉണർത്തുന്നു. ഈ വിഷയത്തിലുള്ള ആദ്യത്തെ കൽപ്പന പരസ്പരം നല്ലനിലയിൽ അന്വേഷിക്കണം എന്നാണ്. തുടർന്ന് വധുവരൻമാർ ഇരുവരുടേയും തൃപ്തിയെ ശ്രദ്ധിക്കേണ്ടതാണ്. അനിഷ്ടകരമായ വിവാഹത്തിന് ആരെയും നിർബന്ധിക്കാൻ പാടില്ല. റസൂലുല്ലാഹി (സ)യുടെ കാലത്ത് ഒരു പെൺകുട്ടിക്ക് താത്പര്യമില്ലാതെ പിതാവ് വിവാഹം കഴിപ്പിച്ചപ്പോൾ റസൂലുല്ലാഹി (സ) അത് റദ്ദ് ചെയ്യുകയുണ്ടായി (ബുഖാരി: 6969) ഈ വിഷയത്തിൽ സൂക്ഷ്മത പുലർത്താൻ മറ്റ് സമയങ്ങളിൽ ഇസ്ലാം അനുവദിക്കാത്ത ചില കാര്യങ്ങളും നടത്താൻ റസൂലുല്ലാഹി (സ) പഠിപ്പിച്ചു. ഉദാഹരണത്തിന് ഇസ്ലാം അന്യ സ്ത്രീ പുരുഷൻമാർ പരസ്പരം കാണുന്നതിനെ വിലക്കുന്നു. എന്നാൽ വധു വരൻമാർ വിവാഹത്തിന് മുമ്പ് പരസ്പരം കാണുന്നത് അനുവദിക്കുക മാത്രമല്ല ഉത്തമമാണെന്ന് പ്രസ്ഥാവിക്കുകയും ചെയ്തിരിക്കുന്നു. (ആലംഗീരി 5/277) ഇപ്രകാരം ഇസ്ലാം മാനവ സമുത്വത്തെ ശക്തിയുക്തം വാദിക്കുന്നു.എന്നാൽ വൈവാഹിക ജീവിതത്തിനിടയിൽ ചിലപ്പോൾ കുടുംബപരവും സാമ്പത്തികവും മറ്റുമുള്ള അവസ്ഥകൾ പരസ്പരം പ്രശ്നങ്ങൾക്ക് കാരണമാകാൻ സാധ്യതയുള്ളതിനാൽ സാമ്പത്തിക കുടുംബ കാര്യങ്ങളേയും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ഇതിന് ഫിഖ്ഹിന്റെ സാങ്കേതിക ഭാഷ്യത്തിൽ കഫാഅത്ത് എന്ന് പറയപ്പെടുന്നു.

ശേഷം വിവാഹം നടന്ന് കഴിഞ്ഞാൽ അത് പരസ്പരം നല്ല നിലയിൽ നിലനിൽക്കുന്നതിനും വളരുന്നതിനും ആവശ്യമായ നിരവധി നിർദ്ധേശങ്ങൾ പഠിപ്പിക്കുക മാത്രമല്ല. റസൂലുല്ലാഹി (സ) പ്രവർത്തിച്ച് കാണിച്ച് തരികയും ചെയ്തിരിക്കുന്നു. പ്രസ്തുത കാര്യങ്ങൾ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്താൽ വിവാഹ മോചനം സംഭവിക്കുന്നത് പോകട്ടെ ഇതിനെക്കുറിച്ചുള്ള ചിന്ത പോലും ഉണ്ടാകുന്നതല്ല. പ്രത്യുത വിവാഹ ബന്ധം സുന്ദരവും സുദൃഢവുമായിക്കൊണ്ടിരിക്കുന്നതാണ്. കൂടാതെ വിവാഹ മോചനം ഇസ്ലാമിൽ വളരെ അതൃപ്തികരവുമായ കാര്യവുമാണ്. റസൂലുല്ലാഹി (സ) അരുളി: അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ ഏറ്റവും അനിഷ്ടകരമായ കാര്യമാണ് വിവാഹ മോചനം. (അബൂദാവൂദ്) അബൂ മൂസാ (റ) നിവേദനം: റസൂലുല്ലാഹി (സ) അരുളി: തീർത്തും അടിയന്തരമായ ഘട്ടത്തിൽ

മാത്രമേ വിവാഹ മോചനം നടത്താൻ പാടുള്ളൂ. കാരണം താത്കാലികമായ ബന്ധമായി വിവാഹത്തെ കാണുന്ന സ്ത്രീ പുരുഷൻമാരെ അല്ലാഹു വെറുക്കുന്നു. (മജ്മഉ സ്സവാഇദ് 4/335) ഇക്കാരണത്താൽ ന്യായമായ കാരണമില്ലാതെ വിവാഹ മോചനം നടത്താൻ പാടില്ലന്ന് നിശിദ്ധമാണെന്നും ഫുഖഹാഅ് അറിയിക്കുന്നു. (ഫത്ഹുൽ ഖദീർ 3/464.റദ്ദുൽ മുഹ്താർ 2/415) അന്യായമായിട്ടുള്ള വിവാഹ മോചനം പോലെ തന്നെയാണ് ന്യായമായ കാരണമില്ലാതെ വിവാഹ മോചനം ആവശ്യപ്പെടുന്നത്. അന്യായമായി വിവാഹമോചനം ആവശ്യപ്പെടുന്ന സ്ത്രീയുടെ മേൽ സ്വർഗ്ഗത്തിന്റെ സുഗന്ധം നിഷിദ്ധമാണെന്ന് റസൂലുല്ലാഹി (സ) ഉണർത്തിയിരിക്കന്നു. (ഇബ്നുമാജ)

എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ വിവാഹ മോചനം അത്യാവശമായി വരുന്നതാണ്. ഒരു നിലക്കും ഇരുവരും യോചിച്ച് പോകുക സാധ്യമല്ലാതെ വന്നാൽ ഇസ്ലാം വിവാഹ മോചനത്തിന് അനുവാദം നൽകുന്നു. അതെ, ചില കാര്യങ്ങൾ അനിഷ്ടകരമാണെങ്കിലും പ്രത്യേക അവസ്ഥകളിൽ ആവിശ്യമായിത്തീരുന്നതാണ്. ഉദാഹരണത്തിന് മലമൂത്ര വിസർജന സ്ഥലം നല്ല സ്ഥലമല്ല ബുദ്ധിയുള്ളവരാരും അവിടെ കൂടുതൽ നേരം കഴിച്ച് കൂട്ടുന്നതല്ല. എന്നാൽ അതില്ലാത്ത വീടുകൾ സമ്പൂർണ്ണവുമല്ല. ഇപ്രകാരം ശരീരത്തിൽ കത്തിവെക്കുന്നത് വേദനയുളവാക്കും എന്നാൽ ചികിത്സാർത്ഥം ഓപ്പറേഷന് വേണ്ടി ചിലപ്പോൾ കത്തിവെച്ച് മുറിക്കൽ നിർബന്ധമായത്തീരും ഇപ്രകാരം തലാഖ് വളരെ അനിഷ്ടകരമായ കാര്യമാണെങ്കിലും വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട നിയമം പരിപൂർണ്ണമാകാൻ വിവാഹ മോചനത്തിനെ കുറിച്ച് കൂടി ചർച്ചചെയ്യൽ അനിവാര്യമാണ്.

അതുകൊണ്ട് തന്നെ വിവാഹ മോചനം ഒരു നിലക്കും പാടില്ല എന്ന വീക്ഷണം പ്രകൃതി വിരുദ്ധമാണ്. അതെ, ഇരുവർക്കുമിടയിൽ എത്ര വെറുപ്പുണ്ടായാലും ഇരുവർക്കും വിട്ട് പിരിയാൻ അവസരം കൊടുക്കാതെ സർവ്വ സാഹചര്യത്തിലും കടുത്ത വെറുപ്പിന്റെ തീയിൽ തന്നെ എരിഞ്ഞ് കൊണ്ടിരിക്കണമെന്ന് പറയുന്നത് ഒട്ടും ശരിയല്ല. ഇക്കാരണത്താൽ തന്നെയാണ്. വിവാഹമോചനത്തെ പൊതുവിൽ എല്ലാ മതങ്ങളും അംഗീകരിച്ചിട്ടുള്ളത്. എന്നാൽ മതത്തെ തെറ്റായി വ്യാഖ്യാനിച്ച് വിവാഹമോചനം നിഷിദ്ധമാക്കിയ മതങ്ങൾ പോലും അവസാനം വിവാഹ മോചനത്തിന്റെ കവാടം തുറന്ന് കൊടുക്കാൻ

നിർബന്ധിതരായി. ഹിന്ദുമതത്തിൽ വിവാഹ മോചനത്തിന് മരണ മല്ലാതെ ഒരുവഴിയുമില്ലങ്കിലും ഇന്ത്യയിലെ ഹൈന്ദവർ അതിന് വഴി തുറന്നു. ഇന്ന് മുസ്ലിംകളെക്കാളും വിവാഹമോചനം നടക്കുന്നത് ഹൈന്ദവ സഹോദരങ്ങളിലാണ്. ഇപ്രാകാരം ദൈവം ചേർത്തത് ആരും തകർക്കരുത് എന്ന യേശുവിന്റെ സ്വഭാവപരമായ ഉപദേശ ത്തിന്റെ അടിസ്ഥാനത്തിൽ ക്രൈസ്തവ ലോകവും വിവാഹ മോചനം പാടില്ലന്ന് പ്രഖ്യാപിച്ചെങ്കിലും അവരും അതിന് വഴി തുറന്നു. ഇന്ന് ഏറ്റവും കൂടുതൽ വിവാഹ മോചനം നടക്കുന്നത് ക്രൈസ്തവ രാ ജ്യങ്ങളിലാണ്. എല്ലാ ക്രൈസ്തവ രാജ്യങ്ങളിലും വിവാഹ മോചനം അനുവദനീയം മാത്രമല്ല വളരെ എളുപ്പവും ആക്കിയിരിക്കുന്നു. ചുരു ക്കത്തിൽ വിവാഹം പ്രകൃതിപരമായ ഒരു ആവശ്യമായത് പോലെ അത്യാവശ്യ സമയത്തുള്ള വിവാഹമോചനവും പ്രകൃതിയുടെ ശബ്ദവും സമൂഹത്തിന്റെ ആവശ്യവുമാണ്.

## വിവാഹമോചനം ആര് നടത്തും?

ഇനി അടുത്ത ചോദ്യം വിവാഹമോചനം നടത്താൻ അവകാശം ആർക്കാണ് എന്നുള്ളതാണ്. ഇതിന് നാല് രൂപങ്ങൾക്കാണ് സാധ്യ തയുള്ളത് 1, ഭർത്താവിന് മാത്രം 2, കോടതിക്ക് മാത്രം 3, ഭാര്യക്ക് മാത്രം 4, ഇണകൾ ഇരുവർക്കും.! കിഴക്ക് മുതൽ പടിഞ്ഞാറ് വരെ സംസ്കാര സമ്പന്നമായ ഒരു സമൂഹത്തിലും സ്ത്രീകൾക്ക് വിവാഹ മോചനം നടത്താൻ അനുമതി നൽകിയിട്ടില്ല. കാരണം സ്ത്രീകൾക്ക് ഉള്ളിൽ വികാരത്തിന്റെ വലിയൊരു അംശം പടച്ചവൻ നിക്ഷേപിച്ചി ട്ടുണ്ട്. ഇത് സ്ത്രീയുടെ ന്യൂനതയല്ല, സൗന്ദര്യമാണ്. കാരണം അവർ അതുല്യമായി സ്നേഹിക്കുന്ന മാതാവും ഭാര്യയുമായി മാറുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. വികാരത്തിന്റെ വേലിയേറ്റം കാരണം സ്നേഹത്തിന്റെ പുഷ്പങ്ങൾ വിടരുന്നതിനോടൊപ്പം ആവേശത്തി ന്റെയും എടുത്ത് ചാട്ടിത്തിന്റെയും അവസ്ഥകളും സംജാതമാകുന്ന താണ്. വൈവാഹിക കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും മനസ്സിലാകുന്ന ഒരു കാര്യമാണിത്. അതെ സ്ത്രീകൾ വളരെ പെട്ടന്ന് സന്തോഷിക്കുന്നവരും കോപിക്കുന്നവരും ധൃതിയിൽ തീരുമാനമെടുക്കുന്നവരും ഉടനടി പശ്ചാതപിക്കുന്നവരുമാണ്. ഇത് കൊണ്ട് തന്നെ ലോകത്ത് ഒരു സമുദായവും സ്ത്രീകൾക്ക് മാത്രമായി വിവാഹമോചനത്തിന്റെ അധികാരം കൊടുത്തിട്ടില്ല.

പശ്ചാത്യ ലോകം പൊതുവിൽ സ്വീകരിച്ചിരിക്കുന്നത് രണ്ടാമത്തെ മാർഗ്ഗമാണ്. അതായത് ഇരുവർക്കുമൊ ഒരാൾക്കൊ പരാധിയുണ്ടായാൽ കോടതിയെ സമീപിക്കേണ്ടതാണ്. കോടതി വിധിപ്രകാരം ഇരുവരും വിട്ടുപിരിയുന്നതാണ്. ഇസ്‌ലാമിക ശരീഅത്ത് ഇതിനെ എതിർക്കുന്നില്ല. ഭാര്യ ഭർത്താക്കൻമാർ ഇരുവർക്കുമോ ഒരാൾക്കോ കോടതിവഴിയുള്ള വിവാഹ മോചനം അത്യാവശ്യമായി മനസ്സിലായാൽ കോടതിയെ സമീപിക്കാവുന്നതാണ്. പക്ഷെ ഇന്നത്തെ കോടതി വ്യവഹാരത്തിൽ മൂന്ന് പ്രശ്നങ്ങളുണ്ട്. 1, ധാരാളം സമ്പത്ത് ചിലവഴിക്കേണ്ടി വരുന്നതാണ്. 2, സമയവും വളരെ കൂടുതൽ എടുക്കുന്നതാണ്. 3, പരസ്പരം ആരോപണ പ്രത്യാരോപണങ്ങളിൽ പരിധി ലംഘിക്കപ്പെടാനും വിധി ഇസ്‌ലാമിക ശരീഅത്തിന് എതിരാകാനും സാധ്യതയുണ്ട്. ഇത്തരുണത്തിൽ ഇസ്‌ലാം പുരുഷൻമാർക്ക് വിവാഹ മോചനത്തിന് അനുവാദം നൽകിയിരിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

* പുരുഷൻമാർ അങ്ങേയറ്റത്തെ സൂക്ഷ്മതയോടുകൂടി മാത്രമേ ഈ അവകാശം ഉപയോഗിക്കാൻ പാടുള്ളു. *വളരെ അടിയന്തരഘട്ടത്തിൽ അല്ലാതെ വിവാഹ മോചനം നടത്താൻ പാടില്ല. അനാവശ്യമായി വിവാഹമോചനം നടത്തുന്നത് പാപമാണ്. മതബോധമുള്ളവരെ പാപഭയം അനാവശ്യമായി വിവാഹമോചനം നടത്തുന്നതിൽ നിന്നും തടയുന്നതാണ്. * കൂടാതെ ഇസ്‌ലാമിൽ പിതാവിനേക്കാൾ സ്ഥാനം മാതാവിനാണ്. അതുകൊണ്ട് തന്നെ മക്കൾക്ക് പിതാവിനേക്കാൾ അടുപ്പം മാതാവിനോടായിരിക്കും. ഇത്തരണത്തിൽ വിവാഹ മോചനം മക്കളെ പിതാവിൽ നിന്നും അകറ്റുന്നതാണ്. * മറ്റൊരു കാര്യം സാമ്പത്തിക കാര്യങ്ങൾക്ക് പുരുഷന് വീടിന് വെളിയിലേക്ക് പോകേണ്ടിവരും വീട്ടിൽ ഭാര്യയും മക്കളും മാത്രമായിരിക്കും ഉണ്ടായിരിക്കുക. ഭർത്താവുമായുള്ള ബന്ധം മോശമായാൽ മക്കളുടെ കാര്യം താറുമാറാകുന്നതും കുടുംബം തകരുന്നതുമാണ്. * വിവാഹമോചനത്തിന് ശേഷം പുരുഷന്റെമേൽ ധാരാളം സാമ്പത്തിക ബാധ്യതകൾ വരുന്നതാണ്. മഹ്ർ കൊടുത്തിട്ടില്ലങ്കിൽ ഉടനടി കൊടുക്കണം. ഇദ്ദ കാലത്തേക്കുള്ള ചിലവ് നൽകണം. കുട്ടികളുടെ പ്രത്യേക ചിലവ് വർഷങ്ങളോളം കൊടുക്കണം. ഈ ചിന്തയും വിവാഹ മോചനത്തിൽ നിന്നും തടയുന്നതാണ്. * വേറൊരു കാര്യം വിവാഹ മോചനത്തിന് മുമ്പ് പരസ്പരം ഉപദേശങ്ങൾ നടത്തേണ്ടതാണ്. ഇതും ഒരളവോളം

വിവാഹ മോചനത്തിൽ നിന്നും തടയുന്നതാണ്. ചുരുക്കത്തിൽ ഈ ഘട്ടങ്ങളല്ലാം ചിന്തിച്ച് ആലോചിച്ചതിന് ശേഷം മാത്രമാണ്. ഒരു പുരുഷൻ വിവാഹ മോചനത്തിലേക്ക് നീങ്ങേണ്ടത്.

## സ്ത്രീകളുടെ മാർഗ്ഗം

ഇവിടെ ഒരു കാര്യം കൂടി മനസ്സിലാക്കുക.പുരുഷൻമാർക്ക് ത്വലാഖിന്റെ അവകാശം നൽകിയ ഇസ്‌ലാം സ്ത്രീകൾക്കും അത്യവശ ഘട്ടങ്ങളിൽ ഇതിനുള്ള മാർഗ്ഗങ്ങൾ വെച്ചിട്ടുണ്ട്. അതിലൊന്നാണ്. ഖുൽഅ് അതായത് ഭർത്താവിന് അൽപ്പം സമ്പത്ത് കൊടുത്ത് വിവാഹ മോചനം നടത്താൻ ഭർത്താവിനോട് ആവശ്യപ്പെടുക. ഖുൽഅ് നടത്തുന്നതിന് ഭർത്താവിന്റെ തൃപ്തി അത്യാവശമാണെങ്കിലും ഇരുവർക്കുമിടയിൽ വെറുപ്പും അകൽച്ചയും കഠിനമാവുകയും ഒരു നിലക്കും സമാധാന ജീവതം സാധ്യമല്ലാതായിത്തീരുകയും ചെയ്താൽ ഇമാം മാലിക്ക് (റ) ന്റെ മദ്ഹബ് പ്രകാരം ഭർത്താവിന്റെ തൃപ്തിയില്ലാതെയും ഖാസിക്ക് ഖുൽഅ് ചെയ്യാവുന്നതാണ്. ഇന്ത്യയിലെ ദാറുൽ ഖസാകളിൽ ഇതനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ഇപ്രകാരം ഭർത്താവ് ശരീരികമായോ മാനസികമായോ പീഢിപ്പിക്കുകയും സാമ്പത്തിക ലൈംഗിക അവകാശങ്ങൾ നിർവഹിക്കാതിരിക്കുകയോ ചെയ്താലും കോടതി വഴി വിവാഹം ഫസ്ഖ് (റദ്ദ്) ചെയ്യാവുന്നതുമാണ്. ചുരുക്കത്തിൽ വിവാഹ മോചനത്തിന് ഇസ്‌ലാം സ്ത്രീകൾക്കും വഴികൾ വെച്ചിട്ടുണ്ട്.

## വിവാഹമോചനം എപ്പോൾ? എങ്ങിനെ?

ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലെ സുപ്രധാനമായ ഒരു അദ്ധ്യായമാണ് വൈവാഹിക ജീവിതം. വിവാഹമെന്നത് വെറും വികാരത്തിന്റെ പൂർത്തീകരണം മാത്രമല്ല. പ്രത്യുത പാതിവൃത്യത്തിന്റെ സംരക്ഷണത്തിനും മനുഷ്യവംശത്തിന്റെ ശരിയായ തുടർച്ചയ്ക്കും കുടുംബത്തിന്റെയും വീടിന്റെയും നാടിന്റെയും ഭദ്രതയ്ക്കു വേണ്ടിയുള്ള സരളവും സുന്ദരവും സമ്പൂർണ്ണവുമായ ഒരു അദ്ധ്യായമാണത്. അതുകൊണ്ട് തന്നെ പരിശുദ്ധഖുർആനിലും പുണ്യഹദീസുകളിലും ഇതിനെ വളരെ വിശദമായ നിലയിൽ വിവരിച്ചിരിക്കുന്നു. വിവാഹ ബന്ധം നല്ലനിലയിൽ നീങ്ങുന്നതിലൂടെ ഇത്തരം ധാരാളം നന്മകൾ ഉണ്ടാകുക മാത്രമല്ല, വളരുകയും പരക്കുകയും ചെയ്യുന്നതാണ്. എന്നാൽ വിവാഹബന്ധം

ഇല്ലാതാകുകയോ മോശമാകുകയോ ചെയ്യുന്നതിലൂടെ ധാരാളം തിന്മകൾ വർദ്ധിക്കുന്നതാണ്. അതിലൂടെ വിവാഹബന്ധം വെറും ചടങ്ങും ആചാരവുമായി മാറും. വെറും വികാര പൂർത്തീകരണം മാത്രം ലക്ഷ്യമായിത്തീരും. വിവാഹബന്ധങ്ങൾ തകരുകയും മോചനങ്ങൾ വർദ്ധിക്കുകയും ചെയ്യും.

ഇത്തരുണത്തിൽ, ഇസ്‌ലാം വിവാഹബന്ധം നന്നാകുന്നതിന് നിരവധി നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അതിന്റെ രത്‌ന ചുരുക്കം ഇവിടെ വിവരിക്കുന്നു.

1. വിവാഹത്തിന് മുമ്പ് മാനസികമായി തയ്യാറെടുപ്പുകൾ നടത്തുകയും നന്മയ്ക്ക് വേണ്ടി പടച്ചവനോട് ധാരാളമായി പ്രാർത്ഥിക്കുകയും നല്ല ബന്ധങ്ങളെ അന്വേഷിക്കുകയും ചെയ്യുക. മറുഭാഗത്ത് കുടുംബമിത്രങ്ങൾ പ്രത്യേകിച്ചും, സമുദായം പൊതുവിലും വിവാഹപ്രായമായവരെ ശ്രദ്ധിക്കുകയും നന്മകളിലേക്ക് പ്രേരിപ്പിക്കുകയും തിന്മകളിൽ നിന്നും തടയുകയും ചെയ്യുക. ആരെയെങ്കിലും കുറിച്ച് വിവാഹാലോചന നടത്തപ്പെട്ടാൽ അപ്പോൾ അവരിലുള്ള തിന്മകൾ കൂട്ടിക്കുറക്കലുകൾ ഒന്നുമില്ലാതെ പറയേണ്ടതാണ്. നല്ല ബന്ധങ്ങളാണെങ്കിൽ പ്രേരിപ്പിക്കേണ്ടതുമാണ്. വിവാഹത്തിന് മുമ്പ് ആലോചന നടത്തപ്പെടുന്ന പെൺകുട്ടിയെ കാണുന്നത് സുന്നത്താണ്. കണ്ട് ഇഷ്ടപ്പെടുന്നതിലൂടെ അടുപ്പം വർദ്ധിക്കുന്നതും വിവാഹം പരിപൂർണ്ണ ഉൾക്കാഴ്ചയോടെ ആകുന്നതുമാണ്. എന്നാൽ നോട്ടം വെറും സൗന്ദര്യത്തിലേക്ക് മാത്രം ആകാതെ നന്മകളിലേക്ക് ആകണമെന്നും പ്രത്യേകം ഉണർത്തി.

2. വിവാഹത്തിന്റെ ഇടപാടിന്റെ സമയത്ത് പ്രത്യേകമായി വധൂവരന്മാരെയും ബന്ധുമിത്രങ്ങളെയും ഉപദേശിക്കുന്നത് റസൂലുല്ലാഹി (സ)യുടെ പതിവായിരുന്നു. സൂറത്തുആലിഇംറാൻ 102, സൂറത്തുനിസാഅ് 1, സൂറത്ത്അഹ്സാബ് 70, 71, എന്നീ വചനങ്ങൾ ഈ വിഷയത്തിൽ പ്രത്യേകം ഉദ്ധരിച്ചിരുന്നു. ഈ വചനങ്ങൾ വധൂവരന്മാർക്കും കുടുംബമിത്രങ്ങൾക്കും വളരെ ശക്തവും വ്യക്തവുമായ ഉപദേശങ്ങൾ നൽകുന്നുണ്ട്.

3. തുടർന്ന് വൈവാഹിക ജീവിതത്തിലുടനീളം ഇക്കാര്യം വധൂവരന്മാർ നിരന്തരം അനുസ്മരിക്കണമെന്നും ഇത് അനുസരിച്ച് ജീവിതം നയിക്കണമെന്നും വധൂവരന്മാരെ ഇസ്‌ലാം ഉപദേശിക്കുന്നു. വൈവാഹിക ജീവിതം മരണംവരെ മാത്രമല്ല, കാലാകാലം നിലനിൽക്കേണ്ട ഒരു ബന്ധമാണ്, ഇത് ഒരു നന്മയല്ല, പലനന്മകളുടെ കൂട്ടമാണ്. കുറഞ്ഞ

സമയത്തേക്കുള്ള നന്മയല്ല, മരണംവരെയും രാവും പകലും തുടർച്ചയായിട്ടുള്ള നന്മയാണ്. പരസ്പരം വല്ല കുറ്റങ്ങളും കുറവുകളും കണ്ടാൽ അതിൽ അല്ലാഹു ധാരാളം നന്മകൾ വെച്ചിരിക്കാമെന്ന് മനസ്സിലാക്കുകയും നന്മകളിലേക്ക് നോക്കുകയും ചെയ്യുക. ഒരിക്കലും പരിപൂർണ്ണമായി വെറുക്കരുത്. കുറവുകളോടൊപ്പം നന്മയും തീർച്ചയായും കാണും. ഈ വിഷയത്തിൽ പ്രവാചകന്മാരുടെയും മഹാത്മാക്കളുടെയും മഹനീയ മാതൃകകൾ പഠിച്ചുകൊണ്ടിരിക്കുക...

**4.** ഒരു നിലയ്ക്കും സഹിക്കാൻ പറ്റാത്ത അവസ്ഥ വന്നാൽ വിവാഹമോചനത്തിലേക്ക് തിരക്ക് കൂട്ടരുത്. ബന്ധം നന്നാക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കണം. പരസ്പരം ആത്മാർത്ഥമായ ഉപദേശങ്ങൾ നൽകുക. എന്നിട്ടും ശരിയായില്ലെങ്കിൽ മുറിയുടെ ഉള്ളിൽ പിണക്കം പ്രകടിപ്പിക്കുക. എന്നിട്ടും ശരിയായില്ലെങ്കിൽ വളരെ ചെറിയ പ്രഹരം നൽകുക. ഇതിൽ ഏതെങ്കിലും ഒന്നിലൂടെ നന്നായാൽ പഴയതെല്ലാം മറന്ന് പൊതുജീവിതം ആരംഭിക്കുക.

**5.** ഇനിയും പ്രശ്നം രൂക്ഷമാവുകയാണെങ്കിൽ ബന്ധുമിത്രങ്ങളും സമുദായ അംഗങ്ങളും ബന്ധം ശരിയാക്കാൻ പരിശ്രമിക്കുക. ഇത് അതിമഹത്തായ നന്മയാണ്. ബന്ധം മോശമാക്കുന്നത് മഹാപാപമാണ്. ബന്ധം നന്നാക്കാനുള്ള ലളിതവും ശക്തവുമായ മാർഗ്ഗം ഇരുകുടുംബത്തിലെയും വിവരവും വിവേകവും ദീനീ ബോധവുമുള്ള രണ്ടുപേരെ ഏൽപ്പിച്ച് നന്മയ്ക്ക് വേണ്ടി പരിശ്രമിക്കുക. ഇവകളിലൂടെ ബഹുഭൂരിഭാഗം പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

**6.** ഇതിലൂടെയും പരിഹരിക്കപ്പെടാത്ത നിലയിൽ ഭിന്നത കൂടിയാൽ അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ ഏറ്റവും വെറുപ്പുള്ള കാര്യം ത്വലാഖ് ആകുന്നു. (അബൂദാവൂദ്) എന്ന് അറിയിച്ചുകൊണ്ട് വിവാഹമോചനത്തിന് അനുവാദം നൽകി.

**7.** എന്നാൽ ഹൈള് (ആർത്തവ) ഘട്ടത്തിൽ ത്വലാഖ് ചൊല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കാരണം, സാന്ദർഭികമായ ബുദ്ധിമുട്ട് ത്വലാഖിന് പ്രേരകമാകാൻ പാടില്ല. (ഹുജ്ജത്തുല്ലാഹി ബാലിഗ)

**8.** ത്വലാഖ് ഒരു പ്രാവശ്യം മാത്രം നടത്തുക. തുടർന്ന് ഇദ്ദയുടെ കാലത്ത് തിരിച്ച് എടുക്കുകയോ ഇദ്ദ കഴിഞ്ഞാൽ വേറെ വിവാഹം കഴിക്കുകയോ ചെയ്യാവുന്നതാണ്.

**9.** ഇനി ഒരിക്കലും ബന്ധമില്ലാത്ത നിലയിൽ വിവാഹമോചനമാണ് ആഗ്രഹിക്കുന്നതെങ്കിൽ അടുത്ത ശുദ്ധിയിൽ ഒരു ത്വലാഖും ശേഷ

മുള്ള ശുദ്ധിയിൽ അടുത്ത ത്വലാഖും ചൊല്ലുക. മൂന്നു ത്വലാഖുകൾ ഒറ്റയടിക്ക് ചൊല്ലരുത്.

**10.** ത്വലാഖിന്റെ അവകാശം പുരുഷന്മാർക്ക് നൽകിയതും സ്ത്രീകൾക്ക് നൽകാതിരുന്നതും പുരുഷന്മാർക്ക് തോന്നിയവാസം ചെയ്യാനും സ്ത്രീകളെ നിന്ദിക്കാനുമല്ല. പുരുഷന്മാർ മേൽപ്പറഞ്ഞ രീതിയിലും വിവരവും വിവേകവും ഉള്ളവരുമായി കൂടിയാലോചിച്ചും മാത്രമേ നടത്താൻ  പാടുള്ളൂ. അക്രമപരമായി ത്വലാഖ് ചൊല്ലുന്നവരെ ശിക്ഷിക്കാൻ ശരീഅത്ത് നിർദ്ദേശിക്കുന്നു. സ്ത്രീകളുടെ സൗന്ദര്യം കൂടിയായ മാനസിക ദൗർബല്യം പരിഗണിച്ചുകൊണ്ടാണ് അവർക്ക് ത്വലാഖിന് അധികാരം നൽകാതിരുന്നത്. എന്നാൽ, നിർബന്ധിത സാഹചര്യത്തിൽ അവർക്ക് വിവാഹമോചനത്തിന്റെ മാർഗ്ഗങ്ങൾ തുറന്നുകൊടുക്കപ്പെട്ടിട്ടുണ്ട്. ത്വലാഖിന്റെ അധികാരം അവരെ ഏൽപ്പിച്ചുകൊടുക്കുക. (തഫ്വീള്). വല്ലതും നൽകി വിവാഹമോചനം നേടുക. (ഖുൽഅ്). ഖാസിയുമായി ബന്ധപ്പെട്ട് ബന്ധം വേർപ്പെടുത്തുക. (ഫസ്ഖ്) എന്നീ അവകാശങ്ങൾ സ്ത്രീകൾക്ക് ഉണ്ട്.

യാതൊരു സൂക്ഷ്മതയും ഇല്ലാതെ വിവാഹത്തിലേക്ക് പ്രവേശിക്കലും, കോമാളിത്തരങ്ങൾ കാട്ടി വിവാഹം നടത്തലും, പാപങ്ങൾ നിറഞ്ഞ വിവാഹജീവിതം നയിക്കലും, വൈവാഹിക ബന്ധങ്ങൾക്കിടയിൽ നാശങ്ങൾ ഉണ്ടാക്കലും, എന്തിനും എടുത്തുചാടി വിവാഹമോചനം നടത്തലും, അല്ലെങ്കിൽ എന്ത് പ്രശ്നം ഉണ്ടായാലും വിവാഹമോചനത്തിന് അനുവദിക്കാതെയും പ്രശ്നങ്ങൾ നീട്ടിക്കൊണ്ടും പാപങ്ങൾ അധികരിപ്പിക്കലും ആണോ, ഉപര്യുക്ത ഇസ്‌ലാമിക നിയമങ്ങളാണോ ഉത്തമം.?

വിവാഹ മോചനത്തിന് ശേഷം ഇരുകൂട്ടരും ഭയങ്കര നാശനഷ്ടങ്ങളിലും പരസ്പര പാപങ്ങളിലും കഴിയണം എന്നതാണ് ആധുനിക ശൈലി. എന്നാൽ ഖുർആൻ പറയുന്നു; നിർബന്ധിത സാഹചര്യത്തിൽ ഇരുവരും വിട്ടുപിരിഞ്ഞാൽ പടച്ചവൻ അവർക്ക് സമ്പന്നതയും സമൃദ്ധിയും നൽകുന്നതാണ്. (നിസാഅ്) അതെ, വലിയ വിവരവും സ്ഥാനമാനങ്ങളും എല്ലാമുണ്ടെങ്കിലും സ്വന്തം ഭാര്യമാരെ മര്യാദയ്ക്ക് നോക്കാതെ പ്രസംഗിച്ച് കൊണ്ട് നടക്കുന്ന പകൽമാന്യൻമാരാണോ വിവാഹ മോചനത്തിന് ശേഷം രണ്ടുവഴികൾ തെരഞ്ഞടുത്ത് സന്തുഷ്ട ജീവിതം നയിക്കുന്ന സാധുക്കളാണോ ഉത്തമം.?

## ചില പ്രധാന പ്രമേയങ്ങൾ

ഇസ്‌ലാമിക ശരീഅത്തിന്റെ സംരക്ഷണത്തിനും പ്രചാരണത്തിനും നിലവിൽ വന്ന പ്രധാന കൂട്ടായ്മയായ ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് വിവാഹവും വൈവാഹിക ജീവിതവവും വിവാഹ മോചനവുമായി ബന്ധപ്പെട്ട് മുസ്‌ലിംകൾക്ക് നൽകുന്ന മുഖ്യമായ ഉപദേശങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

**1.** വൈവാഹിക ജീവിതം ധാരാളം നന്മകൾ അടങ്ങിയ പുണ്യ കർമ്മമാണ്. പരസ്പരമുള്ള കടമകൾ അറിഞ്ഞും അനുസരിച്ചും കഴിയുമ്പോഴാണ് ഈ നന്മകൾ പൂർണ്ണമാകുന്നത്. ആകയാൽ വിവാഹത്തിന് മുമ്പ് തന്നെ ഈ കടമകൾ ഉണരുകയും പാലിക്കാൻ തീരുമാനിക്കുകയും ചെയ്യുക. ഇതിന് ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള നിക്കാഹ് നാമ (വിവാഹ നിർദ്ദേശങ്ങൾ) വധൂവരന്മാർക്ക് നൽകുകയും അത് അവർ നന്നായി മനസ്സിലാക്കുകയും ചെയ്യുക.

**2.** ഇനി ഭാര്യഭർത്താക്കന്മാർക്കിടയിൽ ഭിന്നത വല്ലതും ഉണ്ടായാൽ ആദ്യം അത് പരിഹരിക്കാൻ അവർ തന്നെ പരിശ്രമിക്കുക. എല്ലാവരിലും ചില ന്യൂനതകളും ധാരാളം നന്മകളും ഉണ്ടെന്ന് മനസ്സിലാക്കുകയും ന്യൂനതകളെ മാപ്പാക്കുകയും ചെയ്യുക.

**3.** ഇതിലൂടെ പരിഹൃദമായില്ലെങ്കിൽ താൽക്കാലികമായി അകന്ന് നിന്ന് നന്നാക്കാൻ പരിശ്രമിക്കുക.

**4.** ഇത് പരാജയപ്പെട്ടാൽ ഇരുകുടുംബത്തിലെയും അറിവും അനുഭവമുള്ള വ്യക്തികൾ യോജിപ്പിന് പരിശ്രമിക്കുക. **5.** അല്ലെങ്കിൽ ഇരുഭാഗത്തുനിന്നുമായി ഒരു മൂന്നാമനെ തീരുമാനിച്ച് ഇതിലൂടെ പ്രശ്നം പരിഹരിക്കുക.

**6.** ഇതിലൂടെയും യോജിപ്പുണ്ടായില്ലെങ്കിൽ ഭാര്യയുടെ ശുദ്ധിയുടെ സമയത്ത് ഒരു ത്വലാഖ് ചൊല്ലുക. ഇദ്ദയുടെ കാലത്ത് യോജിപ്പുണ്ടായാൽ വൈവാഹിക ജീവിതത്തിലേക്ക് മടങ്ങി പഴയതെല്ലാം മറന്ന് നല്ലനിലയിൽ ജീവിക്കുക. ഇനി മടക്കിയെടുത്തില്ലെങ്കിൽ തനിയെ തന്നെ വിവാഹബന്ധം മുറിയുന്നതും ഇരുവരും സ്വതന്ത്രരാകുന്നതും മറ്റൊരു വൈവാഹിക ജീവിതത്തിന് അവർക്ക് സാധിക്കുന്നതുമാണ്. ഇനി വിവാഹ മോചന സമയത്ത് ഗർഭിണി ആണെങ്കിൽ പ്രസവ സമയം വരെ ഇദ്ദയുടെ കാലം തുടരുന്നതാണ്. ഇദ്ദയുടെ കാലം ഭർത്താവ് ചിലവ് കൊടുക്കുകയും മഹ്ർ അവശേഷിച്ചിട്ടുണ്ടെങ്കിൽ

കൊടുക്കുകയും ചെയ്യേണ്ടതാണ്.

7. ഇദ്ദയുടെ കാലശേഷം യോജിപ്പുണ്ടായാൽ പരസ്പരം തൃപ്തിയോടെ പുതിയ മഹ്ർ കൊടുത്ത് വിവാഹം പുതുക്കാവുന്നതാണ്.

8. ത്വലാഖിന്റെ മറ്റൊരു രൂപം ഇപ്രകാരമാണ്: ശുദ്ധിയുടെ കാലത്ത് ഒരു ത്വലാഖ് ചൊല്ലുക. അടുത്ത ശുദ്ധിയിൽ രണ്ടാം ത്വലാഖും മൂന്നാം ശുദ്ധിയിൽ മുന്നാം ത്വലാഖും ചൊല്ലുക. മൂന്നാം ത്വലാഖിന് മുമ്പ് യോജിപ്പുണ്ടായാൽ പഴയെ വിവാഹത്തിലേക്ക് മടങ്ങാവുന്നതാണ്. മൂന്നാം ത്വലാഖിന് ശേഷം മടങ്ങാൻ കഴിയില്ല. 9. ഭർത്താവിന്റെ കൂട്ടത്തിൽ സഹകരിച്ച് നീങ്ങാൻ സാധിക്കാത്ത ഭാര്യക്ക് ഖുൽഅ് വഴി വിവാഹബന്ധം അവസാനിപ്പിക്കാവുന്നതാണ്. 10. മൂന്ന് ത്വലാഖ് ഒരുമിച്ച് ചൊല്ലുന്നതും അന്യായമായി ത്വലാഖ് ചൊല്ലുന്നതും ശരിയല്ല. ഇത്തരം സംഭവങ്ങൾ ഇല്ലാതാക്കുന്നതിന് ഇത്തരം തെറ്റുകൾ ചെയ്യുന്നവരെ സാമൂഹ്യമായി ബഹിഷ്കരിക്കേണ്ടതാണ്.

ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ് സമുദായത്തിന് മുമ്പാകെ സമർപ്പിക്കുന്ന ഈ നിർദ്ദേശങ്ങൾ കഴിവിന്റെ പരമാവധി പ്രചരിപ്പിക്കണമെന്നും വിശിഷ്യാ അറിവ് കുറഞ്ഞ ആളുകൾക്ക് എത്തിച്ചുകൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

## ഇന്ത്യൻ മുസ്ലിംകളും വിവാഹ മോചനവും

മുസ്ലിംകൾക്കിടയിൽ വിവാഹ മോചനം ധാരാളമായി നടക്കുന്നു. എന്ന ഒരു പ്രചാരണം പ്രചണ്ഡമായ നിലയിൽ നടക്കുന്നുണ്ട്. എന്നാൽ ഗവർമന്റിന്റെ ഔദ്യോഗിക കണക്ക് നേരെ തിരിച്ചാണ് എന്നതാണ് വസ്തുത. ജവഹർലാൽ നഹ്റു യൂണിവേഴ്സിറ്റിയിലെ ഭാശാ വിദഗ്തയായ സോയാ ഹസനും എഴുത്തുകാരിയായ റിത്തുമേനോനും ഇന്ത്യയിൽ മുഴുവനും നടത്തിയ ഒരു സർവ്വേ പ്രകാരം മുസ്ലിംകളിലെ വിവാഹ മോചനത്തിന്റെ കണക്ക് 0.41 ശതമാനവും ഹൈന്ദവരിലെ വിവാഹമോചനത്തന്റെ കണക്ക് 0.47 ശതമാനവുമാണ്.

# പ്രശ്ന പരിഹാര സമതി

മൗലാനാ അതീഖ് അഹ്മദ് ഖാസിമി
(കൺവീനർ ദാറുൽ ഖസാ കമ്മിറ്റി ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്)

ഇസ്‌ലാം സമ്പൂർണ്ണമായ ഒരു ജീവിത വ്യവസ്ഥിതിയാണ്. മനുഷ്യ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമായ വൈവാഹിക ജീവിതത്തെക്കുറിച്ചും ഇസ്‌ലാം വളരെ വ്യക്തമായ നിലയിൽ വിവരിച്ച് തരുന്നു. എന്നാൽ വൈവാഹിക ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാവുക എന്നത് സ്വഭാവികമാണ്. ഇതിനെ പരിഹരിക്കാനുള്ള ഒരു പ്രധാന പ്രവർത്തനമാണ് പ്രശ്നപരിഹാര സമിതി. ഓരോ പ്രദേശങ്ങളിലും ഇതിന്റെ പ്രവർത്തനം സജീവമാക്കുകയും സമൂഹത്തിൽ നിന്നും വിവാഹ മോചനം ഇല്ലാതാക്കാനും എല്ലാവരുടേയും വൈവാഹിക ജീവിതം നന്നാക്കാനും കഴിവിന്റെ പരമാവധി നാം പരിശ്രമിക്കേണ്ടതാണ്. പരിശുദ്ധ ഖുർആനിലെ സൂറത്തുന്നിസാഇൽ വൈവാഹിക പ്രശ്നങ്ങളെ പരാമർശിക്കുന്നതിനിടയിൽ മുസ്‌ലിം അമുസ്‌ലിം ബന്ധം നന്നാക്കുന്നതിന് ഉൽബോധിപ്പിച്ച് കൊണ്ട് ഉണർത്തുന്നു: ആരെങ്കിലും ജനങ്ങൾക്കിടയിൽ യോജിപ്പിന് വേണ്ടി പരിശ്രമിച്ചാൽ അവന് വമ്പിച്ച പ്രതിഫലം നൽകുന്നതാണ്. (നിസാഅ്:114) ജനങ്ങൾക്കിടയിലുള്ള ബന്ധം നന്നാക്കുന്നതിന്റെ മഹത്വം ഇതാണങ്കിൽ പടച്ചവന്റെ പേരിൽ സ്ഥാപിതമായ വൈവാഹിക ബന്ധം നന്നാക്കുന്നത് എത്ര മഹത്തരമായിരിക്കും!

കൺസിലിംഗ് സെന്റർ, മസ്‌ലഹത്ത് കമ്മിറ്റി, മഹ്കമ ശറഇയ്യ, ദാറുൽ ഖളാ എന്നിങ്ങനെയുള്ള ഏതെങ്കിലും നാമത്തിൽ പണ്ഡിതരും നിയമജ്ഞരും നേതാക്കളും അടങ്ങുന്ന ഒരു സമിതി ഉണ്ടാകേണ്ടതാണ്. ഇവർ വിവാഹിതരാകുന്ന ആളുകളെ കണ്ട് വിവാഹം ലളിതമാക്കാനും വിവാഹത്തിന്റെ നിയമ മര്യാദകൾ പഠിക്കാനും പ്രേ

രിപ്പിക്കുക. ഈ വിഷയത്തിൽ ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് തയ്യാറാക്കിയ നികാഹ് നാമ (വിവാഹ പ്രതിജ്ഞാ പത്രം) വളരെ നല്ലതാണ്. ഓരോ കേന്ദ്രങ്ങളും അവരുടെ പേരിൽ ഇത് പ്രസിദ്ധീകരിച്ച് വധൂവരന്മാർക്ക് നൽകുകയും അവരെ ഒപ്പോട് കൂടിയുള്ള ഒരു കോപ്പി അവരെ ഏൽപ്പിക്കുകയും മറ്റൊരു കോപ്പി കേന്ദ്രത്തിൽ സൂക്ഷിക്കുകയും ചെയ്യുക.

വിവാഹത്തിന് ശേഷം വധൂവരന്മാരെ ഒരുമിച്ച് കൂട്ടി ഉപദേശങ്ങൾ നടത്തിക്കൊണ്ടിരിക്കുക. പ്രശ്നങ്ങൾ വല്ലതും ഉണ്ടായാൽ അത് പരിഹരിക്കാൻ പരിശ്രമിക്കുക. പരിഹരിക്കാൻ സാധിക്കാത്ത നിലയിൽ ശക്തമായാൽ ത്വലാഖ്, ഖുൽഅ്, ഫസ്ഖ് മുതലായ വഴികൾ മനസ്സിലാക്കിക്കൊടുക്കുക. ഇവകൾ മാന്യമായ നിലയിലാകാൻ പ്രത്യേകം പരിശ്രമിക്കുക. വിശിഷ്യാ ഖുൽഅ് നടത്തിയിട്ടും വരൻ വിവാഹമോചനത്തിന് തയ്യാറായില്ലെങ്കിൽ വധുവിന്റെ ന്യായങ്ങൾ അന്വേഷിച്ച ശേഷം ഖാസി വഴി ഫസ്ഖ് ചെയ്യാവുന്നതാണ്. ബീഹാറിലെ ഇമാറത്തെ ശറഇയ്യ എന്ന പ്രസ്ഥാനം ലളിതമായി ആരംഭിച്ചതാണെങ്കിലും വളരെ നല്ലനിലയിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ നിന്നും അഞ്ഞൂറ് രൂപ മാത്രം വാങ്ങിക്കൊണ്ട് എത്രയും പെട്ടെന്ന് കാര്യങ്ങളെല്ലാം ഇമാറത്ത് നിർവ്വഹിച്ച് കൊടുക്കുന്നു.

## പ്രശ്ന പരിഹാര സമിതി പ്രധാന കടമ കൂടിയാണ്.

നീതിയുടെ സ്ഥാപനവും അവകാശ സംരക്ഷണവും ശരീഅത്ത് നിയമങ്ങൾ നടപ്പിലാക്കലും മുസ്‌ലിംകളുടെ സുപ്രധാന ബാധ്യതയാണ്. പടച്ചവൻ അവതരിപ്പിച്ച നിയമങ്ങളെ മുസ്‌ലിംകളുടെ ജീവിതത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കുന്നതിനും വിശിഷ്യാ പരസ്പരമുള്ള തർക്കങ്ങളിൽ പടച്ചവന്റെ നിയമങ്ങൾ അനുസരിച്ച് വിധി കൽപ്പിക്കുന്നതിനും ഖളാഅ് എന്ന് പറയപ്പെടുന്നു. ഇത് നബിമാരുടെയും മുഴുവൻ മഹാത്മാക്കളുടെയും ചിഹ്നമായിരുന്നു. അല്ലാഹു ദാവൂദ് നബി (അ) യോട് പറയുന്നു: അല്ലയോ ദാവൂദേ, താങ്കളെ നാം ഭൂമിയിൽ പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ ജനങ്ങൾക്കിടയിൽ നീതിയോടെ വിധിക്കുക. മനോച്ഛയെ താങ്കൾ പിൻപറ്റരുത്. അത് താങ്കളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും തെറ്റിച്ച് കളയുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും തെറ്റിപ്പോകുന്നവർ വിചാരണാദിനത്തെ മറന്ന കാരണത്താൽ അവർക്ക് കഠിനമായ ശിക്ഷയുണ്ട്.(സ്വാദ് 26). റസൂലുല്ലാഹി (സ)യോടും ഇങ്ങനെതന്നെ കൽപ്പിച്ചിരിക്കുന്നു.

(മാഇദ 48). മുസ്‌ലിംകളോട് അല്ലാഹു കൽപ്പിക്കുന്നു: സത്യവിശ്വാസികളെ, അല്ലാഹുവിനെ അനുസരിക്കുക. റസൂലിനെയും നിങ്ങളിൽ നിന്നുമുള്ള കാര്യകർത്താക്കളെയും വഴിപ്പെടുക. വല്ല വിഷയത്തിലും നിങ്ങൾ ഭിന്നിച്ചാൽ നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിലേക്കും റസൂലിലേക്കും അതിനെ മടക്കുക. വളരെ ഉത്തമവും നല്ല പരിണിതഫലവും ഇതു തന്നെയാണ്.(നിസാഅ് 59). ശേഷം മതത്തിന്റെ വിഷയത്തിൽ ഒരു വ്യക്തമായ മാർഗ്ഗത്തിൽ നാം താങ്കളെ ആക്കിയിരിക്കുന്നു. ആകയാൽ അതിനെ താങ്കൾ പിൻപറ്റുക. വിവരമില്ലാത്തവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്.(ജാസിയ 18)

പരസ്പര പ്രശ്നങ്ങളിൽ റസൂലുല്ലാഹി (സ)യുടെ തീരുമാനം അംഗീകരിക്കേണ്ടതാണ്. പ്രശ്ന പരിഹാര സമിതി ഈ കർത്തവ്യമാണ് നിർവ്വഹിക്കുന്നത്. താങ്കളുടെ രക്ഷിതാവിനെകൊണ്ടു തന്നെ സത്യം. അവർക്കിടയിലുള്ള വഴക്കുകളിൽ താങ്കളെ അവർ വിധികർത്താവാക്കുകയും ശേഷം താങ്കൾ വിധിച്ചതിൽ നിന്നും മനസ്സിൽ യാതൊരു ഞെരുക്കവും ഉണ്ടാകാതിരിക്കുകയും പരിപൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാകുന്നതല്ല.(നിസാഅ് 65). പടച്ചവന്റെ ഏത് തീരുമാനവും അംഗീകരിക്കാൻ മുസ്‌ലിംകൾ ബാധ്യതസ്ഥരാണ്. (നൂർ 51).

അമുസ്‌ലിം രാഷ്ട്രങ്ങളിലും മുസ്‌ലിംകൾക്കിടയിൽ ഈ നിയമം നടപ്പിലാക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. മുസ്‌ലിം ജീവിതത്തിലെ പ്രത്യേകിച്ചും വിവാഹം പോലുള്ള ധാരാളം പ്രശ്നങ്ങൾ പരിഹരിക്കുന്നത് പ്രശ്ന പരിഹാര സമിതിയുടെ തലവനായ ഖാസി മുഖേനയാണ്. ആകയാൽ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ യോഗ്യരായ ആളുകൾ മുമ്പോട്ട് വരുകയും സമുദായം ആ വഴിയിലൂടെ സഞ്ചരിക്കാൻ തയ്യാറാവുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ വലിയ ആവശ്യമാണ്. അതുകൊണ്ട് തന്നെ ഇത്തരം പ്രശ്ന പരിഹാര സമിതികൾ ഓരോ പ്രദേശത്തും നിലവിൽ വരാൻ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണെന്ന് ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ബന്ധപ്പെട്ട എല്ലാവരോടും താൽപ്പര്യപ്പെടുന്നു. പടച്ചവന്റെ അനുഗ്രഹത്താൽ പല സ്ഥലങ്ങളിലും വിവിധ പേരുകളിൽ പ്രശ്ന പരിഹാര സമിതികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അത് കൂടുതൽ പ്രയോജനപ്രദമായ

രീതിയിൽ ക്രമീകരിക്കാനും പ്രവർത്തിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ് നീണ്ട ചർച്ചകൾ നടത്തിയ ശേഷം സമുദായത്തിന് നൽകിയ ഉദ്ബോധനങ്ങൾ കൂടി ഇവിടെ ഉദ്ധരിക്കുന്നു.


## ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡിന്റെ പ്രധാന പ്രമേയങ്ങൾ

**1.** സർവ്വ വിഷയങ്ങളിലും ശരീഅത്ത് നിയമങ്ങൾ പാലിക്കണമെന്ന് മുഴുവൻ മുസ്ലിംകളെയും ഓൾ ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ് ഉണർത്തുന്നു. വിശിഷ്യാ സാമൂഹിക, കുടുംബ മേഖലകളിൽ ഇസ്ലാം നിർദ്ദേശിച്ച കടമകളും കർത്തവ്യങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തരുത്. ഏതെങ്കിലും വിഷയത്തിൽ ഭിന്നതകളുണ്ടായാൽ പ്രശ്ന പരിഹാര സമിതിയിലേക്ക് മടങ്ങേണ്ടതും അതിന്റെ തീരുമാനത്തെ സർവ്വാത്മനാ അംഗീകരിക്കേണ്ടതുമാണ്. കാരണം പടച്ചവന്റെ പൊരുത്തവും പരലോകത്തിലെ വിജയവും ഇതിലാണ്. കൂടാതെ, സാമ്പത്തിക നഷ്ടങ്ങളിൽ നിന്നും രക്ഷപ്പെടാനും സാധിക്കുന്നതാണ്.

**2.** രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ധാരാളം ഇസ്ലാമിക വിജ്ഞാന ശാലകളുണ്ട്. എന്നാൽ അവയിൽ ബഹുഭൂരിഭാഗത്തിലും ഇസ്ലാമിന്റെ ഗൗരവ കൽപ്പനയായ പ്രശ്നപരിഹാര സമിതിയുടെ പ്രാധാന്യവും കർമ്മ രീതികളും പഠിപ്പിക്കുന്നില്ലായെന്നത് ദു:ഖകരമായ ഒരു കാര്യമാണ്. ആകയാൽ ആവശ്യാനുസൃതം ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളെ തയ്യാറാക്കാനും അവർക്ക് പരിശീലനങ്ങൾ നൽകാനും വിജ്ഞാന ശാലകൾ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.** സമൂഹത്തെ മുഴുവനും ബാധിക്കുന്ന ഈ സാമൂഹിക ബാധ്യതയെ ശരിയായ നിലയിൽ നിർവ്വഹിക്കുന്നതിന് സംഘടനാ സങ്കുചിതത്വങ്ങൾക്ക് അതീതമായി പ്രവർത്തിക്കണമെന്നും ഇതിനോട് കാര്യമായി സഹകരിക്കണമെന്നും ശരീഅത്ത് സംരക്ഷണത്തിന്റെ ഈ മഹത്തായ പ്രവർത്തനത്തിൽ താൽപ്പര്യത്തോടെ ബന്ധപ്പെടണമെന്നും മുഴുവൻ സംഘടനകളോടും സ്ഥാപനങ്ങളോടും പണ്ഡിതന്മാരോടും നിയമജ്ഞരോടും അഭ്യർത്ഥിക്കുന്നു.

**4.** ഇന്ത്യയിലെ പ്രധാന സംസ്ഥാനമായ ബീഹാറിലും ഒറീസയിലും ജാർഖണ്ഡിലും വർഷങ്ങളായി ഇമാറത്തെ ശറഇയ്യയുടെ കീഴിൽ ഓരോ പ്രദേശങ്ങളിലും പ്രശ്നപരിഹാര സമിതികൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. കോടതികൾക്ക് കൂടി സഹായകമായ ഇതിന്റെ




പരിശുദ്ധ ഖുർആൻ

ലളിതമായ ആശയങ്ങളും സന്ദേശങ്ങളും

വില: 650

Ph: 7736723639




വില: 30

Ph: 7736723639